ഒരു മുസ്‌ലിമിൻെറ ഏറ്റവും വലിയ സമ്പത്താണ് അവൻെറ വിശ്വാസം. വിശ്വാസം ശരിയായങ്കിൽ മാത്രമെ പരലോകത്ത് ഏതൊരാളും രക്ഷപ്പെടുകയുള്ളൂ. അതുകൊണ്ട് തന്നെ ഓരോ ആളുകളും വിശ്വാസം പഠിക്കേണ്ടത് വിശുദ്ധഖുർആനിൻെറയും തിരുസുന്നത്തിൻെറയും അടിസ്ഥാനത്തിലാണ്. അങ്ങിനെയുള്ള വിശ്വാസം കെട്ടിപ്പടുത്തതിന് ശേഷം ചെയ്യുന്ന സൽകർമ്മങ്ങൾക്ക് മാത്രമെ നാളെ പരലോകത്ത് പ്രതിഫലം ലഭിക്കുകയുള്ളൂ. സത്യവിശ്വാസി തൻെറ ജീവിതത്തിൽ നിർബ്ബന്ധമായും അറിഞ്ഞിരിക്കേണ്ട ചില പ്രധാനപ്പെട്ട കാര്യങ്ങളെ സംബന്ധിച്ച് സഊദി അറേബ്യയിലെ മതകാര്യവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ചോദ്യങ്ങളും അതിൻെറ മത വിധികളുമാകുന്നു താഴെ കൊടുക്കുന്നത്.

**ചോദ്യം:** മരിച്ച് പോയവരോടോ, സ്ഥലത്തില്ലാത്തവരോടോ ഇസ്തിഗാസ (സഹായംതേടുക) നടത്തുന്നത് കുഫ്റ് ആണോ?

**ഉത്തരം:** അതെ, മരിച്ച് മൺമറഞ്ഞവരോടും, സ്ഥലത്തില്ലാത്തവരോടും സഹായം തേടുന്നത് അവിശ്വാസം തന്നെയാണ്, അങ്ങിനെ ചെയ്യുന്നവർ ഇസ്‌ലാമിൻെറ വൃത്തത്തിൽ നിന്ന് പുറത്ത് പോകുകയും ചെയ്യുന്നതാണ്. തെളിവ്: അല്ലാഹു പറയുന്നു:"വല്ലവനും അല്ലാഹുവോടൊപ്പം മറ്റുവല്ല ദൈവത്തേയും വിളിച്ചുപ്രാർത്ഥിക്കുന്ന പക്ഷം- അതിന്ന് അവൻെറ പക്കൽ യാതൊരു പ്രമാണവും ഇല്ല തന്നെ- അവൻെറ വിചാരണ അവൻെറ രക്ഷിതാവിൻെറ അടുക്കൽ വെച്ചു തന്നെയായിരിക്കും. സത്യ നിഷേധികൾ വിജയം പ്രാപിക്കുകയില്ല, തീർച്ച" (അൽ മുഅ്മിനൂൻ:117). വീണ്ടും അല്ലാഹു പറയുന്നു: "അങ്ങിനെയുള്ളവനാകുന്നു നിങ്ങളുടെ രക്ഷിതാവായ അല്ലാഹു. അവന്നാകുന്നു ആധിപത്യം. അവനുപുറമെ ആരോട് നിങ്ങൾ പ്രാർത്ഥിക്കുന്നുവോ അവർ ഒരു ഈത്തപ്പഴക്കുരുവിൻെറ പാട പോലും ഉടമപ്പെടുത്തുന്നില്ല" (ഫാത്വിർ:13). അല്ലാഹു പറയുന്നു: "നിങ്ങൾ അവരോട് പ്രാർത്ഥിക്കുന്നപക്ഷം അവർ നിങ്ങളുടെ പ്രാർത്ഥന കേൾക്കുകയില്ല. അവർ കേട്ടാലും നിങ്ങൾക്കവർ ഉത്തരം നൽകുകയില്ല. ഉയിർത്തെഴുന്നേൽപിൻെറ നാളിലാകട്ടെ നിങ്ങൾ അവരെ പങ്കാളികളാക്കിയതിനെ അവർ നിഷേധിക്കുന്നതുമാണ്. സൂക്ഷ്മജ്ഞാനമുള്ളവനെ (അല്ലാഹുവെ)പ്പോലെ നിനക്ക്വിവരം തരാനാരുമില്ല" (ഫാത്വിർ: 14)

**ചോദ്യം:** മുഹമ്മദ് നബി(ﷺ)യെപോലെയുള്ള പ്രവാചകന്മാരുടെയോ, മറ്റു സ്വാലിഹീങ്ങളുടെയോ ഖബർ സന്ദർശനം ലക്ഷ്യം വെച്ച്കൊണ്ട് യാത്ര പുറപ്പെടൽ ഇസ്‌ലാമിൽ അനുവദനീയമാണോ?

**ഉത്തരം:** പ്രവാചകന്മാരുടെയോ, സ്വാലിഹീങ്ങളുടേയോ മറ്റുള്ളവരുടേയോ ഖബർ സന്ദർശനം ലക്ഷ്യം വെച്ച്കൊണ്ട് യാത്ര പുറപ്പെടൽ ഇസ്‌ലാമിൽ അനുവദനീയമല്ല. അങ്ങിനെയുള്ള യാത്ര ബിദ്അത്താകുന്നു. കാരണം പ്രവാചകൻ(ﷺ) പറയുന്നു: (പുണ്യം ആഗ്രഹിച്ച്കൊണ്ട് മൂന്ന് പള്ളികളിലേക്ക് മാത്രമേ യാത്ര പുറപ്പെടുവാൻ പാടൊള്ളൂ, മക്കയിലെ പള്ളി, ഈ പള്ളി(മസ്ജിദുന്നബവി) ഫലസ്തീനിലെ മസ്ജിദുൽ അഖ്സ) പ്രവാചകൻ വീണ്ടും പറയുന്നു: "നമ്മുടെ മതത്തിൻെറ കാര്യ



ത്തിൽ ഇല്ലാത്തത് ആരെങ്കിലും ചെയ്താൽ അത് തള്ളപ്പെടേണ്ടതാകുന്നു". എന്നാൽ ഒരുങ്ങി യാത്ര പുറപ്പെടാതെയുള്ള ഖബർ സന്ദർശനം ഇസ്‌ലാമിൽ സുന്നത്താകുന്നു. കാരണം അല്ലാഹുവിൻെറ പ്രവാചകൻﷺ പറയുന്നു: "നിങ്ങൾ ഖബർ സന്ദർശിക്കുക കാരണം അത് നിങ്ങളെ പരലോകത്തെ ഓർമ്മിപ്പിക്കുന്നതാണ്" (മുസ്‌ലിം).

**ചോദ്യം:** മൺമറഞ്ഞ് പോയിട്ടുള്ള ഔലിയാക്കളെ കൊണ്ട് സഹായം തേടുന്നതിൻെറയും, ഖബറുകളെ ത്വവാഫ് ചെയ്യുന്നതിൻെറയും, അവിടെയുള്ള കല്ലുകൾ കൊണ്ടോ, മറ്റുവസ്തുക്കൾ കൊണ്ടോ അനുഗ്രഹം തേടുന്നതിൻെറയും, ഖബറുകൾക്ക് തണലുണ്ടാവാൻ വേണ്ടി കെട്ടിടമുണ്ടാക്കുന്നതിൻെറയും ഇസ്‌ലാമിക വിധി എന്താണ്?

**ഉത്തരം:** ഖബറാളിളോടും, മൺമറഞ്ഞ്പോയ ഔലിയാക്കളോടും സഹായം തേടുന്നതും, അവർക്ക് വേണ്ടി നേർച്ച വഴിപാടുകൾ നടത്തുന്നതും, അവരെ അല്ലാഹുവിലേക്കുള്ള മാർഗമാക്കുന്നതും, സഹായം തേടുന്നതും ഇസ്‌ലാമിക വൃത്തത്തിൽ നിന്നും പുറത്ത് പോകുന്ന വലിയ ശിർക്കാകുന്നു. മാത്രമല്ല ഈ വിശ്വാസത്തിൽ തന്നെ മരിക്കുകയും ചെയ്താൽ അവൻ നരകത്തിൽ നിത്യ വാസിയുമായിരിക്കും. എന്നാൽ ഖബറിനെ ത്വവാഫ് ചെയ്യുന്നതും, അതിന് തണലിന് വേണ്ടി കെട്ടിടമുണ്ടാക്കുന്നതും ബിദ്അത്തും, ആ ഖബറിൽ കടക്കുന്നവരെ ആരാധിക്കുവാനുള്ള ഒരു മാർഗവുമായതിനാൽ അങ്ങിനെ ചെയ്യൽ നിഷിദ്ധവുമാണ്, ഇനി ഈ രൂപത്തിൽ ചെയ്യുന്നത് അതിൽ അന്ത്യ വിശ്രമം ചെയ്യുന്നവർ അതിലൂടെ നമുക്ക് നന്മകൾ നൽകുകയും, തിന്മകളെ തടുക്കുകയും ചെയ്യുമെന്ന ഉദ്ദേശത്തിലൂടെയാണെങ്കിൽ അത് ശിർക്കിലേക്കെത്തിക്കുകയും ചെയ്യും.

**ചോദ്യം:** ജാറങ്ങളിലേക്കും, മൺമറഞ്ഞവർക്കും വേണ്ടി ബലിയറുക്കുന്നതിൻെറയും, അതിലൂടെ നന്മ, തിന്മകൾ പ്രതീക്ഷിക്കുന്നതിൻെറയും വിധിയെന്താകുന്നു?

**ഉത്തരം:** ആരെങ്കിലും ജാറങ്ങളിലേക്കും, മൺമറഞ്ഞ് പോയവർക്കും വേണ്ടി അറുത്താൽ അത് വലിയ ശിർക്കാണ്, മാത്രമല്ല അവൻ ശപിക്കപ്പെട്ടവനുമാകുന്നു. കാരണം, അലി (﵁) പ്രവാചകൻ(ﷺ)യിൽ നിന്ന് ഉദ്ദരിക്കുന്നു: "അല്ലാഹുവല്ലാത്തവർക്ക് അറുത്തവരെ അല്ലാഹു ശപിച്ചിരിക്കുന്നു... ഹദീസ്)

**ചോദ്യം:** അല്ലാഹുവിൻെറ ഔലിയാക്കളുടെ ഖബറുകളിന്മേൽ പള്ളികൾ നിർമ്മിക്കുന്നതും, ഖബറുകളില്ലാത്ത പള്ളികൾ ഉണ്ടായിരിക്കേ അതേ സ്ഥലത്തുള്ള ഖബറുള്ള പള്ളികളിൽ നമസ്കരിക്കുന്നതും ഇസ്‌ലാമിൽ അനുവദനീയമാണോ?

**ഉത്തരം:** ഖബറുകളിന്മേൽ പള്ളികൾ നിർമ്മിക്കുവാനും, ഖബറുള്ള പള്ളികളിൽ നമസ്കരിക്കുവാനും പാടില്ല. കാരണം: പ്രവാചകൻ(ﷺ) പറയുന്നു: "പ്രവാചകന്മാരുടെ ഖബറുകളെ പള്ളികളാക്കിയ ജൂതക്രൈസ്തവരെ അല്ലാഹു ശപിച്ചിരിക്കുന്നു" (ബുഖാരി,മുസ്‌ലിം). മുസ്‌ലിം ഉദ്ദരിക്കുന്ന ഹദീസിൽ നമുക്ക് കാണാം, പ്രവാചകൻ(ﷺ) പറയുന്നു: "അറിയുക: നിങ്ങളുടെ മുൻഗാമികൾ അവരുടെ പ്രവാചകന്മാരുടെയും, സദ്വൃത്തരുടെയും ഖബറുകളെ പള്ളികളാക്കിയിരുന്നു, അറിയുക.



നിങ്ങൾ ഖബറുകളെ പള്ളികളാക്കരുത്, ഞാനത് നിങ്ങൾക്ക് വിരോധിച്ചിരിക്കുന്നു". ജാബിർ(﵁)വിൽനിന്ന് മുസ്‌ലിം ഉദ്ദരിക്കുന്നു: "പ്രവാചകൻﷺനിന്ന്: "പ്രവാചക തിരുമേനി ഖബറുകൾ കുമ്മായമിടുന്നതിനെയും, അതിന്മേൽ ഇരിക്കുന്നതിനെയും, അതിന്മേൽ എടുപ്പുണ്ടാക്കുന്നതിനെയും വിരോധിച്ചിരിക്കുന്നു

**ചോദ്യം:** ജോൽസ്യന്മാരുടെയടുത്തും, കണക്ക് നോട്ടക്കാരുടെയടുത്തും പോകുന്നത് അനുവദനീയമാണോ?

**ഉത്തരം:** ജോൽസ്യന്മാരുടെയടുത്തും, കണക്ക് നോട്ടക്കാരുടെയടുത്തും, മാരണക്കാരുടെയടുത്തും, മായാജാലക്കാരുടെയടുത്തും പോകുവാനും, അവർ പറയുന്നത് വിശ്വസിക്കുവാനും പാടില്ല. കാരണം പ്രവാചകതിരുമേനി പറയുന്നു:"ആരെങ്കിലും ഒരു കണക്ക് നോട്ടക്കാരൻെറയടുത്ത് പോയി എന്തെങ്കിലും ചോദിച്ചാൽ അവൻെറ നാൽപത് ദിവസത്തെ നമസ് കാരം സ്വീകരിക്കുകയില്ല" (മുസ്‌ലിം). കണക്ക് നോട്ടക്കാരിൽ ഭാവി പ്രവചിക്കുമെന്ന് പറയുന്നവരും, വാദിക്കുന്നവരുമെല്ലാം ഉൾപ്പെടുന്നതാണ്. പ്രവാചകൻ(ﷺ) പറയുന്നു: (ആരെങ്കിലും ഒരു ജോൽസ്യൻെറയടുത്ത് പോയി വല്ലതും ചോദിക്കുകയും, അവൻ പറയുന്നത് വിശ്വസിക്കുകയും ചെയ്താൽ അവൻ മുഹമ്മദ്നബിﷺക്ക് ഇറക്കപ്പെട്ടതിൽ അവിശ്വസിച്ചിരിക്കുന്നു" (അബൂദാവൂദ്, നസാഇ, തിർമിദി, ഇബ്നു മാജ).

**ചോദ്യം:** അല്ലാഹു അല്ലാത്തവരുടെ പേരിൽ സത്യം ചെയ്യൽ അനുവദനീയമാണോ?

**ഉത്തരം:** അല്ലാഹുവല്ലാത്തവരെകൊണ്ട് സത്യം ചെയ്യൽ അനുവദനീയമല്ല. കാരണം പ്രവാചകതിരുമേനി പറയുന്നു: "അറിയുക, നിങ്ങളുടെ പിതാക്കളെ പിടിച്ച്കൊണ്ട് സത്യം ചെയ്യൽ അല്ലാഹു നിരോധിച്ചിരിക്കുന്നു, ആരെങ്കിലും സത്യം ചെയ്യുകയാണെങ്കിൽ അല്ലാഹുവിൻെറ പേരിൽ സത്യം ചെയ്യട്ടെ, അതല്ലെങ്കിൽ നിശബ്ദനായിരിക്കട്ടെ" (ബുഖാരി, മുസ്‌ലിം. മറ്റൊരു റിപ്പോർട്ടിലുള്ളത് ഇപ്രകാരമാണ്. അബൂഹുറൈറ﵁യിൽ നിന്ന് നിവേദനം: "നിങ്ങൾ നിങ്ങളുടെ പിതാക്കളെയോ, മാതാക്കളെയോ പിടിച്ച്കൊണ്ട് സത്യം ചെയ്യരുത് സത്യവാന്മാരായികൊണ്ടല്ലാതെ അല്ലാഹുവിൻെറ പേരിലും സത്യം ചെയ്യരുത്" (അബൂദാവൂദ്, നസാഇ). പ്രവാചകൻ(ﷺ) പറയുന്നു: "ആരെങ്കിലും അല്ലാഹുവല്ലാത്തവരെകൊണ്ട് സത്യം ചെയ്താൽ അവൻ അവിശ്വസിച്ചു, അതല്ലെങ്കിൽ ശിർക്ക് ചെയ്തു" (ശരിയായ സനദിലൂടെ അബൂദാവൂദും,തിർമിദിയും ഉദ്ദരിച്ചത്).

**ചോദ്യം:** ഖബറിന്മേൽ ഖുർആനിക വചനങ്ങളും, മരിച്ചയാളുടെ പേരും, തിയ്യതിയും എഴുതിവെക്കുവാൻ പാടുണ്ടോ?

**ഉത്തരം:** ഇങ്ങനെ എഴുതിവെക്കുവാൻ പാടില്ല. കാരണം: പ്രവാചക തിരുമേനിയിൽ നിന്ന് ജാബിർ(﵁) ഉദ്ദരിക്കുന്ന ഹദീസിൽ നമുക്ക് കാണാം: "പ്രവാചക തിരുമേനി ഖബർ വെള്ള പൂശുന്നതും, അതിന്മേൽ ഇരിക്കുന്നതും, എടുപ്പുണ്ടാക്കുന്നതും നിരോധിച്ചിരിക്കുന്നു" (മുസ്‌ലിം, ശരിയായ സനദിലൂടെ തിർമിദിയും, നസാഇയും (അതിന്മേൽ എഴുതുന്നതും) എന്നുകൂടി കൂട്ടിചേർത്തിട്ടുണ്ട്). ഇബ്നു ബാസ്(റ).

**ചോദ്യം:** മയ്യിത്തിനെ മറമാടിയതിന് ശേഷം ഖബറിന്നരികിൽ വെച്ച് ഖുർആൻ പാരായണം ചെയ്യുന്നതിൻെറയും, മരിച്ച വീട്ടിൽ മരിച്ചയാളോടുള്ള അനുകമ്പ കാരണത്താൽ ഖുർആൻ പാരായണം ചെയ്യുന്നവരെ വാടകക്കെടുത്ത് പാരായണം ചെയ്യിപ്പിക്കുന്നതിൻെറയും വിധി എന്ത്?

**ഉത്തരം:** പണ്ഡിതന്മാരുടെ പ്രബലമായ അഭിപ്രായ പ്രകാരം മറമാടിയതിന് ശേഷം അവിടെ വെച്ച്കൊണ്ട് ഖുർആൻ പാരായണം ചെയ്യുന്നത് ബിദ്അത്താണ്, കാരണം ഈ സമ്പ്രദായം പ്രവാചകൻെറ കാലത്തുണ്ടായിരുന്നില്ല, പ്രവാചകൻ അങ്ങിനെ ചെയ്യുവാൻ കൽപിക്കുകയോ, ചെയ്യുകയോ ചെയ്തിട്ടില്ല. എന്നാൽ പ്രവാചകനിൽ നിന്ന് വന്നിട്ടുള്ളത്: മയ്യത്തിനെ മറമാടിയാൽ അവിടെനിന്ന് കൊണ്ട് അദ്ദേഹം പറയുമായിരുന്നു: "നിങ്ങൾ നിങ്ങളുടെ സഹോദരന് വേണ്ടി പാപമോചനം തേടുകയും, സ്ഥിരതക്ക് വേണ്ടി പ്രാർത്ഥിക്കുയും ചെയ്യുക, കാരണം അദ്ദേഹം ഇപ്പോൾ ചോദിക്കപ്പെടുന്നതാണ്" ഈ സന്ദർഭത്തിൽ ഖുർആൻ പാരായണം നല്ലതും, ശറഇൽ പെട്ടതുമാണെങ്കിൽ പ്രവാചകൻ അവിടെവെച്ച് തൻെറ സമൂഹത്തോടത് കൽപിക്കുമായിരുന്നു. അത്പോലെതന്നെ മരിച്ച വീട്ടിൽവെച്ച് മയ്യത്തിൻെറ ആത്മാവിൻെറ മേൽ ഖുർആൻ പാരായണം ചെയ്യുന്നതിനും ഇസ്ലാമിൽ ഒരു അടിസ്ഥാനവുമില്ല. സലഫുസ്വാലിഹീങ്ങളിൽ നിന്ന് ആരും ഇപ്രകാരം ചെയ്തിട്ടേയില്ല. ഇനി ഒരു മുസ്ലിമിന്ന് വല്ല വിപത്തുകളും ബാധിച്ചാൽ അവൻ അതിൽ ക്ഷമിക്കുകയും, അല്ലാഹുവിൽ നിന്നുള്ള പ്രതിഫലം പ്രതീക്ഷിക്കുകയും, ക്ഷമാലുക്കളെ പോലെ പ്രാർത്ഥിക്കുകയും ചെയ്യുക.

(إنا لله وإنا إليه راجعونَ) اللهم أجرني في مصيبتي وأخلف لي خيرا منها)

അർത്ഥം: ഞങ്ങൾ അല്ലാഹുവിൻെറ അധീനത്തിലാകുന്നു, അവനിലേക്ക് തന്നെ മടങ്ങേണ്ടവരുമാകുന്നു, അല്ലാഹുവെ, എനിക്ക് ബാധിച്ചിട്ടുള്ള വിപത്തിൽ പ്രതിഫലം നൽകേണമേ, അതിനേക്കൾ നല്ലതിനെ എനിക്ക് പകരം നൽകേണമേ) അത്പോലെ മയ്യത്തിന് ചുറ്റുമിരുന്ന് ഖുർആൻ പാരായണം ചെയ്യുന്നതും, അവിടെ ഭക്ഷണം വിതരണം ചെയ്യുന്നതും ഇത് പോലുള്ളതും ബിദ്അത്താണ്. (ഇബ്നു ഉഥൈമീൻ(റ)

**ചോദ്യം:** പ്രവാചകൻെറയോ മറ്റുവല്ലവരുടെയോ ജന്മദിനത്തിനോടനുബന്ധിച്ച് അറുത്ത മാംസമോ, പ്രത്യേകമായി ഉണ്ടാക്കിയ ഭക്ഷണമോ കഴിക്കൽ അനുവദനീയമാണോ?

**ഉത്തരം:** പ്രവാചക ജന്മദിനത്തോടനുബന്ധിച്ചോ, ഔലിയാക്കൾക്ക് വേണ്ടിയോ അവരെ മഹത്വവൽകരിച്ച് കൊണ്ട് അറുത്തത് അല്ലാഹുവല്ലാത്തവരെ ഉദ്ദേശിച്ച് കൊണ്ട് അറുത്തത് പോലെയാണ്, അത് ശിർക്കുമാകുന്നു. ആയതിനാൽ അതിൽ നിന്ന് അൽപംപോലും ഭക്ഷിക്കുവാൻ പാടില്ല. പ്രവാചകനിൽ നിന്ന് വന്നിട്ടുണ്ട്: "അല്ലാഹുവല്ലാത്തവർക്ക് വേണ്ടി അറുത്തവരെ അല്ലാഹു ശപിച്ചിരിക്കുന്നു".

**ചോദ്യം:** യഥാർത്ഥ വിശ്വാസികൾക്ക് ബിദ്അത്തുകളും, ഖുറാഫാത്തുകളും ചെയ്യുന്നവർക്ക്വേണ്ടി മയ്യത്ത് നമസ്കരിക്കുവാനും, അവരുടെ ജനാസയിൽ പങ്കെടുക്കുവാനും പാടുണ്ടോ?



**ഉത്തരം:** ശിർക്കിലേക്കെത്തിക്കുന്ന, അല്ലാഹുവല്ലാത്തവരോടും മരിച്ച് പോയവരോടും, ജിന്നുകളോടും, മലക്കുകളോടം മറ്റും സഹായം തേടുക, ഇസ്തിഗാസനടത്തുക പോലുള്ളത്ചെയ്യുന്നവരുടെ ജനാസയിൽ പങ്കെടുക്കുവാനോ, അവർക്ക് വേണ്ടി നമസ്കരിക്കുവാനോ പാടില്ല. എന്നാൽ ശിർക്കിലേക്കെത്തിക്കാത്ത ശിർക്കിൻെറ വചനങ്ങളൊന്നുമില്ലാത്ത രൂപത്തിൽ പ്രവാചക ജന്മദിനമാഘോഷിക്കുക, ഇസ്റാഇൻെറയും, മിഅ്റാജിൻെറയും രാത്രിയിൽ ആഘോഷം സംഘടിപ്പിക്കുക പോലെയുള്ള ബിദ്അത്തുകൾ ചെയ്യുന്ന പാപികളുടെ ജനാസയിൽ പങ്കെടുക്കുകയും, അവർക്ക്വേണ്ടി നമസ്കരിക്കുകയും ചെയ്യാം, അത്പോലെ തൗഹീദുള്ള പാപികൾക്ക് വേണ്ടി നാം പാപമോചനം നടത്തുന്നത്പോലെ അവർക്കും ചെയ്യാവുന്നതാണ്. കാരണം അല്ലാഹുപറയുന്നു: "തന്നോട് പങ്ക് ചേർക്കപ്പെടുക എന്നത് അല്ലാഹു പൊറുക്കുകയില്ല, തീർച്ച. അതൊഴിച്ചുള്ളത് അവനുദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്ത് കൊടുക്കുന്നതാകുന്നു" (നിസാഅ്: 116)

**ചോദ്യം:** അല്ലാഹു ആകാശത്തും, ഭൂമിയിലും എല്ലാ സ്ഥലത്തും ഉണ്ടെന്നു പറയുന്നവരുടെ പിന്നിൽനിന്ന് നമസ്കരിക്കുവാൻ പാടുണ്ടോ?

**ഉത്തരം:** യഥാർത്ഥ അഹ്ലുസുന്നതി വൽ ജമാഅത്തിൻെറ വിശ്വാസ പ്രകാരം, അല്ലാഹു ഉന്നതനും എല്ലാ സൃഷ്ടികൾക്കുംഅപ്പുറത്ത് പദാർത്ഥാതീത ലോകത്തുമാകുന്നു. അവൻെറ മഹത്വത്തിന് യോജിക്കുന്ന രൂപത്തിൽ സിംഹാസനത്തിൽ ഉപവിഷ്ഠനാകുന്നു അല്ലാഹു. വിശുദ്ധഖുർആനിൽ ഇങ്ങനെയാണ് പഠിപ്പിക്കുന്നത്. അല്ലാഹു പറയുന്നു:"അല്ലാഹു സിംഹാസനത്തിൽ ഉപവിഷ്ടനാകുന്നു" "അവൻ ഉന്നതനും, മഹാനുമാകുന്നു" (അൽബഖറ:255). അല്ലാഹു പറയുന്നു: "അവൻ തൻെറ ദാസന്മാരുടെമേൽ പരമാധികാരമുള്ളവനാകുന്നു" (അൻആം: 16). ഈസാനബിയെ സംബന്ധിച്ച് പറയുന്നു: "പക്ഷെ, അദ്ദേഹത്തെ അല്ലാഹുഅവനിലേക്ക് ഉയർത്തി" അവൻ ഉന്നതനും, പ്രതാപിയുമാകുന്നു. അവനാകുന്നു ആകാശത്ത് ദൈവമായിട്ടുള്ളവനും, ഭൂമിയിൽ ദൈവമായിട്ടുള്ളവനും. അല്ലാഹു സൂറത്ത് സുഖുറുഫിൽ പറഞ്ഞത്പോലെ. "അവനാകുന്നു ആകാശത്ത് ദൈവമായിട്ടുള്ളവനും, ഭൂമിയിൽ ദൈവമായിട്ടുള്ളവനും" (സുഖുറുഫ്:84). എന്നാൽ അല്ലാഹുവിൻെറ അറിവ് തൻെറ സൃഷ്ടികളോടൊപ്പം എപ്പോഴും ഉണ്ടായിരിക്കും. അല്ലാഹുപറയുന്നു: "നിങ്ങൾ എവിടെയായിരുന്നാലും അവൻ നിങ്ങളോടൊപ്പമുണ്ടായിരിക്കും" ആരെങ്കിലും അല്ലാഹുവിൻെറ സത്തയോടെ ഭൂമിയിലുണ്ടെന്ന് വിശ്വസിക്കുകയാണെങ്കിൽ അത് ഖുർആനിനും, സുന്നത്തിനും, ഇജ്മാഇനും എതിരാണ്. ആരെങ്കിലും അജ്ഞത കൊണ്ടാണ് ഇങ്ങനെ വിശ്വസിക്കുന്നതെങ്കിൽ അവന്ന് വിശദീകരിച്ച് കൊടുക്കുക. ഇനി വിശദീകരിച്ച് കൊടുത്തതിന് ശേഷവും അറിഞ്ഞ്കൊണ്ട് ആ വിശ്വാസത്തിൽ ഉറച്ച് നിൽക്കുകയാണെങ്കിൽ അവൻഅവിശ്വാസിയാകുന്നു. അവൻെറ പിന്നിലുള്ള നമസ്കാരം ശരിയാവുകയില്ല.



المكتب التعاوني للدعوة والإرشاد وتوعية الجاليات بالجبيل

قسم الجاليات

# فتاوى

اللجنة الدائمة - المملكة العربية السعودية

ترجمة :

سيد سعفر صادق

الداعية في المكت

# നാം അറിഞ്ഞിരിക്കേണ്ട

# മത വിധികൾ


മൊഴിമാറ്റം:

സയ്യിദ് സഅ്ഫർ സ്വാദിഖ്

ജുബൈൽ ദഅ്വ സെൻറർ

03- 3625500- 1030